## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **07-10-2021 - ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി മണ്ഡലത്തിൽ വെയിറ്റിംഗ് ഷെഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിൽ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് പ്രതീക്ഷാ ബസ്സ് ഷെൽറ്റർ കമ്പനി മുഖേനയുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിന് മൂന്ന് വർഷം മുമ്പ് എഗ്രിമെന്റ് വച്ചുവെങ്കിലും പദ്ധതിയിന്മേൽ ഒരു നടപടിയും സ്വീകരിക്കാതെ പദ്ധതി നീണ്ടു പോകുന്നതിന് വകുപ്പ് പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ; | (എ) | 11.07.2019 ലെ സർക്കാർ ഉത്തരവ്(കൈ) 35/2019/PWD പ്രകാരം പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കമ്പനി കേരള ലിമിറ്റഡ് വൈൻഡിംഗ് അപ്പ് ചെയ്ത് കമ്പനിയുടെ അസറ്റും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതും, കമ്പനിയുടെ 22-ാമത് ബോർഡ് മീറ്റിംഗിൽ കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനു ശേഷം അസറ്റും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. Wind up ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ മുന്നോടിയായുള്ള ഓഡിറ്റ് നടന്നുവരികയാണ്. ഈ കമ്പനിയിൽ ജീവനക്കാർ ഇല്ല. |
| (ബി) | പ്രതീക്ഷാ ബസ്സ് ഷെൽറ്റർ കമ്പനി ഏറ്റെടുത്ത ഈ വെയിറ്റിംഗ് ഷെഡ് നിർമ്മാണം കമ്പനി നിലവിലില്ലാത്ത സാഹചര്യത്തിൽ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനു ശേഷം അസറ്റുകളും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കമ്പനി ഏറ്റെടുത്ത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏത് വിംഗിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രതീക്ഷാ കമ്പനിയുടെ ആസ്തി ബാധ്യതകൾ ഏത് രീതിയിൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനു ശേഷം അസറ്റുകളും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | കടുത്തുരുത്തി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് മുഖേന എത്ര വെയിറ്റിംഗ് ഷെഡ്ഡുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഇവയുടെ നിലവിലെ നിർമ്മാണ പുരോഗതിയും ഇവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | കടുത്തുരുത്തി മണ്ഡലത്തിൽ പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ കീഴിൽ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് മുഖേന 6 ബസ് വെയിറ്റിംഗ് ഷെഡുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2018-ൽ എഗ്രിമെന്റ് വച്ചുവെങ്കിലും പ്രളയത്തെ തുടർന്നും കമ്പനി wind up ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചതിനെ തുടർന്നും പ്രവൃത്തികൾ നിർത്തി വച്ചു. |

സെക്ഷൻ ഓഫീസർ